# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2559</u> <u>10.12.2014 ൽ മറുപടിക്ക്</u>

### <u>ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ താലൂക്കാശുപത്രികളിലെയും സ്പെഷ്യാലിറ്റി ആശുപത്രികളിലെയും സ്റ്റാഫ് പാറ്റേൺ ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ താലൂക്കാശുപത്രികളിൽ 1961-ൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്റ്റാഫ് പാറ്റേൺ ആണ് ഇപ്പോഴും നിലനിൽക്കുന്നത്. ഇതു സംബന്ധിച്ച ഉത്തരവ് നം.(ആർ.ടി)3150/61/ഹെൽത്ത് തീയതി 02.08.1961ന്റെ പകർപ്പും ആയതിനുശേഷം സ്റ്റാഫ് പാറ്റേണിൽ ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ് (എം.എസ്) നം.120/2002/ആകുവ തീയതി 08.05.2002, ഉത്തരവ് നം.(എം.എസ്) 568/08/ആകുവ തീയതി 06.11.2008 എന്നിവയുടെ പകർപ്പും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ ആശുപത്രികളിലാണ് സ്റ്റാഫ് പാറ്റേണനുസരിച്ചുള്ള തസ്തികകൾ ഉള്ളത്; ജില്ലയിലെ ഓരോ താലൂക്കാശുപത്രികളിലും അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളും അവയിൽ ഒഴിഞ്ഞു കിടക്കുന്നവയും ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) പത്തനംതിട്ട ജില്ലയിലെ നാല് താലൂക്ക് ആശുപത്രികളിലും സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ ഇല്ല. ജില്ലയിലെ മല്ലപ്പള്ളി, കോന്നി, തിരുവല്ല, റാന്നി എന്നീ താലൂക്കാശുപത്രികളിലെ തസ്തികകളും ഒഴിവും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) നിർദ്ദിഷ്ട കോന്നി മെഡിക്കൽ കോളേജാശുപത്രിയ്ക്കായി എത്ര തസ്തികകൾ, ഏതൊക്കെ വിഭാഗങ്ങളിലായി അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇവയിൽ ഇപ്പോൾ ഏതൊക്കെ തസ്തികകളിൽ നിയമനം നടത്തി; ഏതൊക്കെ തസ്തികകളാണ് | (സി) കോന്നി മെഡിക്കൽ കോളേജിനായി ഇതുവരെ തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | ഒഴിഞ്ഞു കിടക്കുന്നത്; നിയമിക്കപ്പെട്ടവർ എവിടെയാണ് ജോലി ചെയ്യുന്നത്; | | |
| (ഡി) | റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഇ) | സർജറി വിഭാഗത്തിൽ ഡോക്ടർ ഇല്ലാത്തതുമൂലം ഓപ്പറേഷൻ തീയേറ്റർ അടച്ചിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി ഡോക്ടർമാരെ നിയമിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ഇ) | റാന്നി താലൂക്ക് ആശുപത്രിയിൽ സർജറി വിഭാഗത്തിൽ ഡോക്ടർ ഇല്ലാത്തതു ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇവിടെ സർജറി വിഭാഗത്തിൽ ഒരു ജൂനിയർ കൺസൾട്ടന്റിന്റെ തസ്തികയാണ് ഉള്ളത്. ടി തസ്തികയിൽ നിലവിലുള്ള ഒഴിവ് നികത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. സർവ്വീസിലുള്ള ഡോക്ടർമാരിൽ പി.ജി ബിരുദമുള്ളവരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് പ്രസ്തുത ഒഴിവ് നികത്തുവാനാണ് ഉദ്ദേശിക്കുന്നത്. |
| (എഫ്) | റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള മുഴുവൻ തസ്തികകളിലും ആവശ്യമായ ആളുകളെ നിയമിച്ച് ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എഫ്) | റാന്നി താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകളിൽ ജൂനിയർ കൺസൾട്ടന്റ് ഒഴിവ് സർവ്വീസിലെ പി.ജി ബിരുദമുള്ളവരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനം വഴിയും കൺസൾട്ടന്റ് ഒഴിവ് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പ്രൊമോഷൻ വഴിയും നികത്തുന്നതാണ്. ഒഴിവുള്ള മറ്റ് തസ്തികയായ ഡ്രൈവർ തസ്തികയിലെ ഒഴിവ് നികത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**